എന്നീ രണ്ടു നിയോജകമണ്ഡലങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്ന പെരുവമുഴി പാലത്തിന്റെ നിർമ്മാണം. സാമ്പത്തിക പരിമിതി മൂലം ഏറ്റെടുക്കാൻ നിവൃത്തിയില്ലെന്നു പറയാൻ പാടില്ലാത്ത ഒരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. കെ. ഹംസ): ഈ പാലം പണിയുന്നതിനുള്ള ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ ഉണ്ടായിരുന്നു. അതിന്റെ പഠനങ്ങളും നടത്തി, അലൈൻമെന്റും ഏതാണ്ട് തീരുമാനിച്ചിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് ഉണ്ടാക്കുമ്പോൾ 121 ലക്ഷം രൂപ ചെലവു വരും. ബഹുമാനപ്പെട്ട മെമ്പർ പ്രതീക്ഷിച്ചതു പോലെതന്നെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് തുടങ്ങാതിരുന്നത്. പരിമിതിക്കകത്ത് ഒതുങ്ങിനിന്നുകൊണ്ട് ഈ പ്രവൃത്തിയെക്കുറിച്ച് പരിഗണിക്കാവുന്നതാണ്,

(24) കോളേജുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം

ശ്രീമതി റോസമ്മ ചാക്കോ: ഇടുക്കി ഡിസ്ട്രിക്ടിൽ തൊടുപുഴ മാത്രമാണ് ഡിഗ്രി കോളേജുള്ളത്. മൂലമറ്റം സെന്റ് സേവ്യേഴ്സ് കോളേജും മുരിക്കാശ്ശേരി പാവനാത്മാ കോളേജും അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയും സിൻഡിക്കേറ്റും അതിന് അനുവാദം നൽകിയിട്ടുണ്ട്. ഈ രണ്ടു കോളേജുകളും അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): കോളേജുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള നടപടി എല്ലാ സർവ്വകലാശാലകളിൽനിന്നും നിർദ്ദേശം കിട്ടിയതിനുശേഷം തുടങ്ങുന്നതാണ്. ഏതു കോളേജ് അപ്ഗ്രേഡ് ചെയ്യണം എന്നുള്ള കാര്യത്തെക്കുറിച്ച് അവസാന തീരുമാനമൊന്നും എടുത്തിട്ടില്ല.

(25) റിട്ടയർമെന്റാനുകൂല്യങ്ങൾ നൽകാനുള്ള കാലതാമസം

ശ്രീമതി നബീസാ ഉമ്മാൾ: കോളേജുകളിൽ ആഡിറ്റും ആഡിറ്റ് ഒബ്ജക്ഷൻ ക്ലിയറൻസുമൊക്കെ കാലാകാലങ്ങളിൽ നടത്താത്തതുകൊണ്ട് പെൻഷൻപറ്റി അഞ്ചും ആറും വർഷം കഴിഞ്ഞ അദ്ധ്യാപകർക്കുപോലും ഫാമിലി ബെനിഫിറ്റ് സ്കീമോ ഡി. സി. ആർ. ജി.-യോ കിട്ടുന്നില്ല എന്നുള്ള പരാതി നിരവധി സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും കിട്ടിയിട്ടുണ്ട്. ദയവായി ഇക്കാര്യം ഗവൺമെന്റ് അന്വേഷിക്കണം. ആഡിറ്റ് നടത്തുന്ന സന്ദർഭങ്ങളിൽ എല്ലാ ബുക്കുകളുമെടുത്ത് കാണിക്കാൻ ആഫീസിലുള്ളവർ പലപ്പോഴും വിസമ്മതിക്കുന്നു. എല്ലാ ലയബിലിറ്റിയും പ്രിൻസിപ്പൽമാരുടെ തലയിൽ വരുന്നതുകൊണ്ടുള്ള ബുദ്ധിമുട്ട് കുറച്ചൊന്നുമല്ല. കഴിഞ്ഞ നാലഞ്ചു വർഷക്കാലമായി ആഡിറ്റ് ക്ലിയറൻസ് കിട്ടാത്തതുകാരണം പല പ്രിൻസിപ്പൽമാരും പെൻഷൻ പറ്റിയിട്ട് അവർക്ക് ഈവക കാര്യങ്ങളൊന്നും കിട്ടിയിട്ടില്ല. ഫാമിലി ബെനിഫിറ്റ് ഒരു ഫാമിലി ഹെഡ്ഡേക്കായി മാറി എന്നാണ് അവരിൽ പലരും അവകാശപ്പെടുന്നത്. ദയവുചെയ്ത് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): ആഡിറ്റർ ഒബ്ജക്ഷൻ എന്നു പറഞ്ഞ കാര്യത്തിൽ ഗവൺമെന്റ് നിസ്സഹായമാണ്. ആഡിറ്റർ ഒബ്ജക്ഷൻ വന്നിട്ടുണ്ടെങ്കിൽ അത് ക്ലിയർ ചെയ്യാതെ പെൻഷനോ ഗ്രാറ്റുവിറ്റിയോ കൊടുക്കാൻ നിവൃത്തിയില്ല. അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ പിന്നീട് അത് പ്രശ്നമാകും. അത് ഇതിനേക്കാൾ കൂടുതൽ വിഷമമാണ്. ആഡിറ്റർ ഒബ്ജക്ഷൻ ക്ലിയർ ചെയ്യാനുള്ള അടിയന്തിര നടപടി ഗവൺമെന്റ് എല്ലായ്പ്പോഴും എടുക്കുന്നുണ്ട്. വളരെയധികം ബുദ്ധിമുട്ട് സഹകാര്യ കോളേജുകളെ സംബന്ധിച്ച് ഉണ്ടായിരുന്നു. ഈ തരത്തിലുള്ള ബുദ്ധിമുട്ടുകൊണ്ട് വളരെയധികം പ്രിൻസിപ്പൽമാർക്ക് പെൻഷൻ കിട്ടിയിട്ടില്ല. ആ ബുദ്ധിമുട്ടുകൾ ക്ലിയർ ചെയ്യാനായിട്ട് രണ്ടു മാസം മുൻപ് ഗവൺമെന്റ് ഉത്തരവ് പാസ്സാക്കി അവർക്കെല്ലാം പെൻഷൻ കൊടുക്കുന്നതിനുള്ള ഏർപ്പാട് തുടങ്ങിയിട്ടുണ്ട്. ശ്രീമാൻ കെ. ആർ. കൃഷ്ണൻ നായരുടെ കേസ്സിൽ ആഡിറ്റർ ഒബ്ജക്ഷൻ 1,55,409 രൂപയുടെ ലയബിലിറ്റിയുടെ പേരിലാണ് വന്നത്. അത് ഗവൺമെന്റ് ടേക്കപ്പ് ചെയ്തത് 8,897 രൂപയായി കുറപ്പിച്ചു. അങ്ങനെ കുറപ്പിച്ചതിനുശേഷം അവസാന തീരുമാനമെടുത്തു വരികയാണ്. അദ്ദേഹത്തിന് അടയിന്തിരമായി പെൻഷൻ കൊടുക്കുക എന്നുള്ളതാ തീർച്ചയായും ആവശ്യമാണ്. പ്രഗൽഭനായ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായിരുന്നു, പ്രിൻസിപ്പാളായിരുന്നു അദ്ദേഹം.

മി. സ്പീക്കർ: സാക്ഷരതായജ്ഞത്തിൽ പങ്കെടുത്ത ഇൻസ്ട്രക്ടർമാർക്കും സൂപ്പർവൈസർമാർക്കും മുൻഗണന നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. വിജയകുമാറിൽനിന്നും ശ്രീ. എ. വി. താമരാക്ഷനിൽ നിന്നും രണ്ട് സബ്മിഷനുകൾ കിട്ടിയിട്ടുണ്ട്. ശ്രീ. എം. വിജയകുമാറിന് ഇപ്പോൾ ഇത് ഉന്നയിക്കാം.

(26) സാക്ഷരതായജ്ഞത്തിൽ പങ്കെടുത്ത ഇൻസ്ട്രക്ടേഴ്സും സൂപ്പർവൈസേഴ്സും

ശ്രീ. എം. വിജയകുമാർ: സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് കേരളം ഈ കാലഘട്ടത്തിൽ നേടിയ ഏറ്റവും വലിയ നേട്ടമാണ് സമ്പൂർണ്ണ സാക്ഷരത എന്നു പറയുന്നത്. ഈ നേട്ടമെന്നു പറയുന്നത് കേരളത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. 1991–92 ലോക സാക്ഷരതാവർഷമായിരുന്നു. ആ ലോക സാക്ഷരതാവർഷത്തിൽ കേരളം നടത്തിയ ലോകോത്തരമായ ഒരു പ്രവർത്തനമാണ് സമ്പൂർണ്ണ സാക്ഷരത. അതിനു നേതൃത്വം കൊടുത്ത സർക്കാരിനേയും സന്നദ്ധസംഘടനകളേയും സമൂഹം ഉള്ളകാലം ഒരിക്കലും മറക്കുകയില്ല. ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കിയതാണ് ഈ പരിപാടിയുടെ വിജയം. ഈ പ്രവർത്തനത്തിന്റെ ജീവവായു എന്നു പറയുന്നത് ഇതിലെ ഇൻസ്ട്രക്ടർമാരും സൂപ്പർവൈസർമാരുമാണ്. അവരെ സമൂഹം അംഗീകരിക്കുന്നുണ്ട്. പക്ഷേ അതുമാത്രം പോര. ഈ സർക്കാരും അവരെ അംഗീകരിക്കണം. സർക്കാരിന്റെ നിയമനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇൻസ്ട്രക്ടർമാർക്കും സൂപ്പർവൈസർമാർക്കും ഇതിലെ പ്രവർത്തകർക്കും പ്രത്യേക പരിഗണന നൽകണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. സമ്പൂർണ്ണ സാക്ഷരതാ സമിതിയുടെ ചെയർമാൻ ഇതു സംബന്ധിച്ച് ഒരു ശുപാർശ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശിവദാസമേനോനാണ് ഇതിന്റെ ചെയർമൻ. ഇക്കാര്യത്തിൽ അടിയന്തിര പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly